'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂ) വകുപ്പ്**

G.O.(Rt)No.574/2020/LSGD — തീയതി,തിരുവനന്തപുരം, 07/03/2020

---

പരാമർശം:- 1 സ.ഉ. (സാധാ) നം.3381/2017/തസ്വഭവ തീയതി 24.10.2017.

2 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 28.06.2019-ലെ ഇ1/12872/2018/സി.ഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ. ബിജോയ് കെ. എൻ., ശ്രീ. ഡേവിഡ് ജോൺ ഡി' മോറീസ്, ശ്രീ. ദിലീപ് എം. എസ്., ശ്രീ. ഹരികുമാർ എം. ജി., ശ്രീ. രാജേഷ് ഡി. എന്നിവർ പരാമർശം (1) ഉത്തരവ് പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയറായി സ്ഥാനക്കയറ്റം ലഭിക്കുകയും അവർ യഥാക്രമം 11.06.2018 അപരാഹ്നം, 31.01.2018 പൂർവ്വാഹ്നം, 10.11.2017 പൂർവ്വാഹ്നം, 23.08.2018 അപരാഹ്നം, 10.08.2018 അപരാഹ്നം എന്നീ തീയതികളിൽ ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയുമുണ്ടായി. ടി ഉദ്യോഗസ്ഥരുടെ എക്സി. എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തീകരിക്കുന്നതിനായി തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം(2) കത്ത് പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചു.

പ്രസ്തുത ഉദ്യോഗസ്ഥർ ആരും തന്നെ പ്രൊബേഷൻ കാലയളവിൽ പ്രൊബേഷനെ ബാധിക്കുന്ന അവധികളൊന്നും വിനിയോഗിച്ചിട്ടില്ല. ടി ഉദ്യോഗസ്ഥർക്കെതിരെ പ്രൊബേഷനെ ബാധിക്കുന്ന അച്ചടക്ക നടപടികൾ നിലനിൽക്കുന്നുമില്ല. ടിയാളുകളുടെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്ന് മേലുദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, എക്സി. എഞ്ചിനീയർമാരായ ശ്രീ. ബിജോയ്. കെ. എൻ, ശ്രീ. ഡേവിഡ് ജോൺ ഡി'മോറീസ്, ശ്രീ. ദിലീപ്.എം.എസ്, ശ്രീ. ഹരികുമാർ. എം.ജി, ശ്രീ. രാജേഷ്. ഡി എന്നിവരുടെ എക്സി. എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ കെ.എസ്.&എസ്.എസ്.ആർ ഭാഗം II ചട്ടം 20(ബി) പ്രകാരം 12.12.2018 പൂർവ്വാഹ്നം, 31.07.2018 പൂർവ്വാഹ്നം, 10.05.2018 പൂർവ്വാഹ്നം, 24.02.2019 പൂർവ്വാഹ്നം, 11.02.2019 പൂർവ്വാഹ്നം എന്നീ തീയതികളിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GOPAKUMAR U
UNDER SECRETARY

പകർപ്പ്:

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന)

2. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. വെബ് & ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SREEKANTH G
Date: 2020.03.07 12:09:41 IST
Reason: Approved
സെക്ഷൻ ഓഫീസർ